WEDNESDAY

11/03/2026

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S    Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/03/2026

1. നഗരപ്രദേശങ്ങളിൽ കൃഷിരീതികൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി വെള്ളായണി സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നൊവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിന്റെ (CAITT) ആഭിമുഖ്യത്തിൽ ടെറസ് ഫാമിംഗിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വീടിന്റെ പരിമിതമായ സ്ഥലസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി എങ്ങനെ വിഷരഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാം എന്നതിന് മുൻഗണന നൽകിയാണ് പരിശീലനം. നഗരങ്ങളിലെ പരിമിതമായ സ്ഥലത്ത് കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ എല്ലാ സാങ്കേതിക വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ "ഹാൻഡ്ബുക്ക് ഓൺ അർബൻ അഗ്രിക്കൾച്ചർ" എന്ന പുസ്തകവും, കൃഷി സംബന്ധമായ സംശയങ്ങൾ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി ദൂരീകരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ https://www.urbanagri.coav.in എന്ന ഇ-കോമേഴ്സ് ഓൺലൈൻ പ്ലാറ്റ്ഫോമും സഹായകമാണ്. പരിശീലനത്തിൽ ടെറസിലെ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷിരീതികൾ, പോട്ടിംഗ് മിശ്രിതം തയ്യാറാക്കുന്ന വിധം, കീടരോഗ നിയന്ത്രണം, ജലസേചന സംവിധാനങ്ങൾ, നൂതന കൃഷിരീതികളായ ഹൈഡ്രോപോണിക്സ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നൽകുന്നു. 'മട്ടുപ്പാവ് കൃഷി' എന്ന വിഷയത്തിൽ അടുത്ത ബാച്ചുകളിലേക്കുള്ള പരിശീലനം മാർച്ച് 13-ന് ആർ. എ. റ്റി. റ്റി. സി കഴക്കൂട്ടം, മാർച്ച് 17-ന് സി. അച്യുതമേനോൻ ഫൗണ്ടേഷൻ പൂജപ്പുര, എന്നിവിടങ്ങളിൽ വെച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും caittvellayani@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ 8891540778 എന്ന ഫോൺ നമ്പറിലോ (9 മുതൽ 5 മണി വരെ) ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ് & മാനേജ്മെന്റിൽ 2026-27 അധ്യയന വർഷത്തെ എം.ബി.എ. -അഗ്രി. ബിസിനസ് മാനേജ്മെന്റ് കോഴ്സിലേക്കുള്ള പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയ്യതി ഏപ്രിൽ 10. (10.04.2026). കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2438131, 0487 2438132.

## പരിശീലന പരിപാടി

3. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 മാർച്ച് 16, 17 തീയതികളിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിലും 18, 19 തീയതിയിൽ **ആട് വളർത്തൽ** എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2763473.

4. കേരള വെറ്ററിനറി യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം, മണ്ണുത്തിയിൽ വച്ച് ആട് ഫാമിങ്ങ്-ഭാവിയുടെ ബിസിനസ് – നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന ഏകദിന പരിശീലനം 17.03.2026 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ സംഘടിപ്പിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447796219 എന്ന മൊബൈൽ നമ്പറിലോ 0487-

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

2961100 എന്ന ലാൻഡ് ഫോൺ നമ്പറിലോ ബന്ധപ്പെടുക. രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി 15.03.2026 വൈകിട്ട് 5 മണി വരെ.

**കാർഷിക നിർദേശം**

1. ദൈനംദിന താപനില കൂടിവരുന്ന സാഹചര്യത്തിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണി വരെയുള്ള സമയത്ത് കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

2. പുഴുവില്ലാത്ത മാമ്പഴം കിട്ടുവാൻ വിളഞ്ഞ മാങ്ങകൾ പറിച്ചെടുത്ത് ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ ഊഷ്മാവിൽ ഉള്ള വെള്ളവും കൂട്ടിചേർത്തതിൽ ലിറ്ററിന് 1 ഗ്രാം എന്നതോതിൽ കറിയുപ്പ് ചേർത്ത് 15 മിനിറ്റോളം മുക്കിവയ്ക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് സാധാരണ വെള്ളത്തിൽ കഴുകി തുടച്ചതിനുശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴുവില്ലാത്ത മാമ്പഴം കഴിക്കാം.